## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 492** — **19/11/2019-ൽ മറുപടിയ്ക്ക്**

## വിലക്കയറ്റത്തിൽ സഹകരണ മേഖലയുടെ ഇടപെടൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>,, എം. വിൻസെന്റ്<br>,, കെ.എസ്.ശബരീനാഥൻ<br>,, വി.പി.സജീന്ദ്രൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും<br>വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ഇടപെട്ട് സഹകരണ മേഖല സാധാരണക്കാർക്ക് ആശ്വാസം നൽകുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വിലക്കയറ്റത്തിൽ ഇടപെട്ട് സഹകരണ മേഖല സാധാരണക്കാർക്ക് ആശ്വാസം നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് അവശ്യ സാധനങ്ങളുടെ വില വർദ്ധന പിടിച്ച് നിർത്തുന്നതിനായി സഹകരണ വകുപ്പ് കൺസ്യൂമർ ഫെഡറേഷൻ മുഖേനയും പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കി വിലവർദ്ധനവ് നിയന്ത്രിച്ച് നിർത്തുവാൻ വിപണിയിൽ ശക്തമായി ഇടപെട്ടുവരുന്നു. ഇതിന്റെ ഭാഗമായി ഉത്സവകാലങ്ങളിലെ വില വർദ്ധനവ് തടയുന്നതിനായി സർക്കാർ സബ്സിഡിയോട് കൂടി 13 ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങൾ മുഖേനയും പ്രത്യേക ഉത്സവ വിപണിയിലൂടെയും വിപണനം ചെയ്ത് വിലക്കയറ്റം നിയന്ത്രിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ഇടപെടൽ വിജയപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത ഇടപെടൽ വിജയപ്രദമാണ്. പ്രധാന ഉത്സവങ്ങളായ ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നിവയോട് അനുബന്ധിച്ച് കൺസ്യൂമർ ഫെഡിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ അരി ഉൾപ്പെടെയുള്ള 13 ഇനം നിത്യോപയോഗ സാധനങ്ങൾ കൺസ്യൂമർ ഫെഡ് മുഖേന സർക്കാർ നിശ്ചയിക്കുന്ന സബ്സിഡിയുടെ വിലയിൽ വിൽപ്പന നടത്തിവരുന്നു. ത്രിവേണി സ്റ്റോറുകൾ, മൊബൈൽ ത്രിവേണികൾ, തെരഞ്ഞെടുക്കപ്പെട്ട പ്രാഥമിക സഹകരണ സംഘങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, എസ്.സി,എസ്.റ്റി. സഹകരണ സംഘങ്ങൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ എന്നു തുടങ്ങി വിവിധ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഉത്സവകാല വിപണികൾ സംഘടിപ്പിച്ചു വരുന്നു. |
| (സി) | ഉത്സവ സീസണുകളല്ലാത്ത സമയത്തും കൺസ്യൂമർ ഫെഡ് വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഉത്സവസീസണുകൾ അല്ലാത്ത സമയത്തു കൺസ്യൂമർഫെഡ് വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് സബ്സിഡി നൽകുന്നില്ല. എന്നാൽ ഈ കാലയളവിൽ കൺസ്യൂമർഫെഡ് നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 10 % മുതൽ 30 % വരെ വില കുറച്ചാണ് വില്പന നടത്തി വരുന്നത് |

സെക്ഷൻ ഓഫീസർ